# ഒരു ഭക്തി പ്രസ്ഥാനത്തിന്റെ ഗതികേട്

മായിൻകുട്ടി സുല്ലമി

കേരളത്തിലെ സമസ്തക്കാർ തബ്‌ലീഗ് ജമാഅത്തിനെ ആക്ഷേപിക്കാറുണ്ട്. വഹാബിസത്തിലേക്കുള്ള റിക്രൂട്ട്മെന്റ് ഏജൻസികളെന്ന് അവരെ കുറ്റപ്പെടുത്താറുമുണ്ട്. അതെന്താണെന്ന് അറിയില്ല. ഒരു കാര്യം പറയാം. ബറേൽവികളും സമസ്തക്കാരും എന്തെല്ലാം ദുരന്തങ്ങളും ദുരിതങ്ങളും അന്ധവിശ്വാസങ്ങളും മുസ്‌ലിംകളിൽ നിലനിർത്താൻ ശ്രമിക്കുന്നുണ്ടോ അതേ പണി തന്നെയാണ് തബ്‌ലീഗുകാരും ചെയ്യുന്നത്. ഇസ്തിഗാസ മുതൽ സ്ത്രീകളുടെ ജമാഅത്ത് ജുമുഅവരെ. ഒരേ തൂവൽപക്ഷികൾ. ഒരു വേള സമസ്തക്കാരെയും കവച്ചുവെക്കുന്ന ഖുറാഫാത്തുകൾ തബ്‌ലീഗുകാരിൽ കാണാം. രണ്ടു കൂട്ടരും മൗലാനകളുടെയും സൂഫികളുടെയും സ്വപ്നങ്ങളും കശ്ഫുകളും അവലംബിക്കുന്നു. ഖബർപൂജയും ത്വരീഖത്തുകളും ഉണ്ട്. തഖ്‌ലീദും മദ്ഹബും വഹ്ദത്തുൽ വുജൂദും റാത്തീബും മൗലൂദും മുത്തലാഖുമെല്ലാം രണ്ടു കൂട്ടർക്കും വാശിയാണ്. എന്നാലും സമസ്തക്കാർ തബ്‌ലീഗുകാരെ വ്യാപകമായി ആക്ഷേപിക്കാറുണ്ട്.

തബ്‌ലീഗുകാരുടെ ശൈഖുൽ ഹദീസ് അൽഹാഫിള് മൗലാനാ മുഹമ്മദ് സക്കരിയ്യാ സാഹിബ് ധാരാളം 'മഹത്വ'ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. അവ വീടുകളിലും പള്ളികളിലും ഒറ്റയ്ക്കും കൂട്ടായും ബഹുമാനത്തോടെ വായിക്കുകയും മറ്റുള്ളവരെ കേൾപ്പിക്കുകയും ചെയ്യാറുണ്ട്. അതിലൊന്നാണ് നമസ്കാരത്തിന്റെ മഹത്വങ്ങൾ. എങ്ങിനെ നമസ്കരിക്കണം എന്ന് അതിൽ നിന്ന് മനസ്സിലാവില്ല. അതേസമയം പ്രേമക്കഥകളുണ്ട്. 'മ' പ്രസിദ്ധീകരണങ്ങൾപോലും നാണിച്ചു തലതാഴ്ത്തും. എല്ലാം സൂഫിക്കഥകൾ തന്നെ. അതും നമസ്കാരത്തിൽ ഭക്തികൂടാനാണ്. "സൂഫിവര്യന്മാരിൽ സുപ്രസിദ്ധനായ ശൈഖ് അബ്ദുൽ വാഹിദ് പറയുന്നു: ഒരു ദിവസം ശക്തമായ ഉറക്കം വരികമൂലം പതിവായി ചെയ്യാറുള്ള ഔറാദുകളും വളീഫകളും എനിക്ക് വിട്ടുപോയി. അന്ന് രാത്രി സ്വപ്നത്തിൽ പച്ചപ്പട്ടു വസ്ത്രങ്ങൾ ധരിച്ച സൗന്ദര്യവതിയായ ഒരു പെൺകുട്ടിയെ ഞാൻ കണ്ടു. അവളുടെ ചെരിപ്പുകളും കൂടി തസ്ബീഹ് ചെയ്തുകൊണ്ടിരുന്നു. അവൾ പറഞ്ഞു. നീ എന്നെ കരസ്ഥമാക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക. ഞാൻ നിന്നെ തേടികൊണ്ടിരിക്കുകയാണ്. അനന്തരം കർണ്ണാനന്ദകരമായ ചില പ്രേമഗാനങ്ങൾ പാടി. ഉടനെ ഉറക്കത്തിൽ നിന്നും എഴുന്നേറ്റ് ഇനി ഒരിക്കലും രാത്രി ഞാൻ ഉറങ്ങുകയില്ല എന്ന് സത്യം ചെയ്തു". ഈ സംഭവത്തിനു ശേഷം നാൽപത് വർഷക്കാലം ഇശാ നമസ്കരിച്ച വുളുകൊണ്ട് അദ്ദേഹം സുബ്ഹിയും നമസ്കരിച്ചതായി പറയുന്നു. നല്ല കഥ! തീരുന്നില്ല.

ശൈഖ് മള്ഹർ സഅ്ദിയെക്കുറിച്ച് വന്ന സൂഫി സ്വപ്നക്കഥ വായിക്കാം. "അദ്ദേഹം ഒരു ദിവസം ഇപ്രകാരം സ്വപ്നം കണ്ടു. തനി കസ്തൂരിയാൽ നിറക്കപ്പെട്ട ഒരു നദിയുടെ ഇരുകരകളിലും രത്നത്താലുള്ള വൃക്ഷങ്ങളും ആ വൃക്ഷങ്ങളുടെ കൊമ്പുകൾ തിളങ്ങുന്ന തങ്കത്താൽ ഉള്ളതായിരുന്നു. അവിടെ ചില പെൺകുട്ടികൾ ഉച്ചത്തിൽ അല്ലാഹുവിനെ തസ്ബീഹ് ചെയ്യുന്നതിൽ വ്യാപൃതരായിരുന്നു. നിങ്ങൾ ആരാണ്? എന്നദ്ദേഹം ചോദിച്ചപ്പോൾ അവർ ചില ഗാനങ്ങൾ ആലപിച്ചു. അതിന്റെ സാരമിതാണ്: 'ഞങ്ങളെ മനുഷ്യരുടെ ആരാധ്യനും മുഹമ്മദ് നബി സല്ലല്ലാഹു അലൈഹി വസല്ലമയുടെ രക്ഷിതാവുമായ അല്ലാഹു രാത്രി കാലങ്ങളിൽ നിന്നു നമസ്കരിക്കുന്നവരും തങ്ങളുടെ രക്ഷിതാവുമായി രഹസ്യ സംഭാഷണം

നടത്തിക്കൊണ്ടിരിക്കുന്നവരുമായ ആളുകൾക്ക് വേണ്ടി സൃഷ്ടിച്ചിരിക്കുന്നു' (നമസ്കാരത്തിന്റെ മഹത്വങ്ങൾ. പേ. 98, 99)

ഉഗ്രൻ കഥകൾ. വീടും കുടുംബവും വിട്ട് ഊരുചുറ്റുന്ന തബ്ലീഗുകാർ പള്ളികളിൽ വായിക്കുന്ന ഗ്രന്ഥത്തിലാണ് ഇതെല്ലാം. സ്വപ്നം, പ്രേമഗാനം, മന:പ്പായസത്തിൽ മധുരം കുറക്കേണ്ട എന്ന് പറയാറുണ്ട്. അബൂബക്കർ ലരീറിന്റെ പ്രേമക്കഥ ഇങ്ങനെ വായിക്കാം. "എന്റെ അടുക്കൽ ഒരു യുവാവായ അടിമയുണ്ടായിരുന്നു. അദ്ദേഹം പകൽ മുഴുവൻ നോമ്പ് അനുഷ്ഠിക്കുകയും രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുകയും പതിവായിരുന്നു. ഒരു ദിവസം അദ്ദേഹം എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: 'യാദൃശ്ചികമായി കഴിഞ്ഞ രാത്രി ഞാൻ ഉറങ്ങിപ്പോയി. അപ്പോൾ സ്വപ്നത്തിൽ ഇപ്രകാരം ഞാൻ കണ്ടു. മിഹ്റാബിന്റെ ഭിത്തിപൊട്ടിക്കീറി അതിൽ നിന്നും അഴകേറിയ ചില പെൺകുട്ടികൾ പുറത്തുവന്നു. എന്നാൽ അവരുടെ കൂട്ടത്തിൽ വിരോപിയായ ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു. ഈ വിരൂപി ആരാണ്? നിങ്ങൾ ആരാണ്? എന്നു ഞാൻ ചോദിച്ചപ്പോൾ, ഞങ്ങൾ നിന്റെ മുൻകഴിഞ്ഞ രാത്രികളും ഈ വിരൂപി നിന്റെ ഇക്കഴിഞ്ഞ രാത്രിയുമാണ്, എന്നു അവർ മറുപടി പറഞ്ഞു." (അ.പു. പേ. 99) എന്തിനാണ് നമസ്കരിക്കുന്നത്? സുന്ദരികൾക്ക് വേണ്ടിയോ? വിരൂപികൾക്ക് വേണ്ടിയോ? വല്ലാത്ത നമസ്കാരം. ഇവർക്ക് ഉറക്കാത്ത കയ്യില്ല. എന്തിനാണ് ഈ സ്വപ്നങ്ങളെല്ലാം എഴുതി ഒരു പുസ്തകം തയ്യാറാക്കിയത്?

"ഒരു മഹാൻ പറയുന്നു: 'ഒരു രാത്രി കഠിനമായ ഉറക്കം കാരണമായി എനിക്ക് ഉണരാൻ കഴിഞ്ഞില്ല. അന്ന് രാത്രി സ്വപ്നത്തിൽ ഏറ്റവും അഴകുള്ള ഒരു പെൺകുട്ടി എന്റെ അടുക്കൽ വന്നു. അതിനു മുമ്പൊരിക്കലും ഇത്രയും അഴകുള്ളവളെ ഞാൻ കണ്ടിട്ടില്ല. മുമ്പൊരിക്കലും ആസ്വദിക്കാൻ കഴിഞ്ഞിട്ടില്ലാത്ത സുഗന്ധം അവളിൽ നിന്നും വീശികൊണ്ടിരുന്നു. അവൾ എന്റെ കയ്യിൽ ഒരു കഷ്ണം കടലാസ് തന്നു. അതിൽ മൂന്ന് വരി ഗാനം എഴുതിയിരുന്നു. അതിന്റെ സാരം ഇപ്രകാരമാണ്. 'നീ നിദ്രയിലുള്ള രസത്താൽ കാലാകാലം താമസിക്കേണ്ട സ്വർഗ മാളികയെ മറന്നുകളഞ്ഞിരിക്കുന്നു. അവിടെ നിനക്ക് ഒരിക്കലും മരണമുണ്ടാകുന്നതല്ല. ഉറക്കത്തിൽ നിന്നുണരുക.....' ഈ സംഭവത്തിനു ശേഷം ഉറക്കം കഠിനമാകുമ്പോഴെല്ലാം ഈ ഗാനം ഞാൻ ഓർമിക്കുകയും നിദ്ര നിശേഷം മാറുകയും ചെയ്യുമായിരുന്നു." (അ.പു. പേ. 99) ഏതായാലും സ്വപ്നം ഇവിടെ അവസാനിച്ചത് നന്നായി. അല്ലെങ്കിൽ അതും നമ്മൾ വായിക്കേണ്ടിവരുമായിരുന്നു. ഒരു ഭക്തി പ്രസ്ഥാനത്തിന്റെ ഗതികേട്.

കപടഭക്തിക്ക് വേണ്ടി ഇക്കൂട്ടർ എന്തിനും മുതിരും. സക്കരിയാ മൗലാന എഴുതുന്നു: "ശിക്ഷകളുടെയും താക്കീതുകളുടെയും ആയത്തുകൾ ഓതുമ്പോൾ അല്ലാഹുവിനോട് കാവലിനെ തേടണം.... ഓതുമ്പോൾ കരച്ചിൽ വരുന്നില്ലെങ്കിൽ മന:പൂർവ്വം കരച്ചിൽ ഉണ്ടാക്കാനായി ശ്രമിക്കണം" (ഖുർആനിന്റെ മഹത്വങ്ങൾ. പേ. 7) ഇവർ ഉള്ളികൂടെ കരുതുന്നതായിരിക്കും നല്ലത്. എന്തിന് ആ കപടക്കരച്ചിൽ? എന്താണതുകൊണ്ട് ഫലം? ബാക്കി ഏർപ്പാടും ഇങ്ങിനെ തന്നെയാണോ? തൊട്ടടുത്ത പേജിൽ കാണാം: "കരയുന്നതിന് പരിശ്രമിക്കണം. അത് കരച്ചിലുണ്ടാക്കിട്ടാണെങ്കിലും ശരി." കള്ളക്കരച്ചിലും വേഷം കെട്ടലും സ്വപ്നക്കഥകളും സൂഫിശൈഖന്മാരുടെ പൊട്ടൻകഥകളും ത്വരീഖത്തുകളും തബ്ലീഗുകാരെ വരിഞ്ഞുമുറുക്കിയിട്ടുണ്ട്. 'സക്കരിയ മൗലാന നക്ഷബന്തി ത്വരീഖത്തിലെ പതിനായിരക്കണക്കിന് മുരീദൻമാരുള്ള ശൈഖാണ്' (തബ്ലീഗിന്റെ മഹത്വങ്ങൾ. മുഖവുര)

മുഹമ്മദ് ഇൽയാസ് തബ്ലീഗ് ജമാഅത്തിന് രൂപംകൊടുത്തത് തനിക്കുണ്ടായ സ്വപ്ന ദർശനങ്ങൾ നിമിത്തമാണ്. സ്വപ്നം കാണാനായി അദ്ദേഹം പ്രത്യേകതരം എണ്ണ തലയിൽ തേച്ച് കിടന്നുറങ്ങുമത്രെ. 'തബ്ലീഗിന്റെ വഴി എനിക്ക് സ്വപ്നത്തിൽ കശ്ഫ് (വെളിപാട്) മുഖേന ലഭിച്ചതാണ്' (ജമാഅത്തുത്തബ്ലീഗ്. പേ. 27) ഒരു മനുഷ്യൻ കണ്ണട വെച്ച് കിടന്നുറങ്ങാൻ ശ്രമിക്കുന്നു. ഉറങ്ങാൻ കണ്ണട എന്തിന്? എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. സ്വപ്നം

തെളിഞ്ഞ് കാണാൻ തന്നെ. തബ്ലീഗുകാരുടെ വേഷവും സൗഹാർദ്ദവും വിനയവും കൊള്ളാം. പക്ഷെ, അവരുടെ തബ്ലീഗ് പ്രമാണങ്ങളുടെ അടിസ്ഥാനത്തിലാവണം അല്ലാത്തപക്ഷം, അപകടമാണ്.

തബ്ലീഗുകാരുടെ ചികിൽസാ രീതിയും ബഹുവിചിത്രമാണ്. 'പനിനീര്, കസ്തൂരി, കുങ്കുമം, എന്നിവകൊണ്ട് ഈ സൂറത്തിനെ (ഫാത്തിഹ) പിഞ്ഞാണത്തിലെഴുതി കഴുകി നാൽപത് ദിവസം കുടിപ്പിക്കുന്നത് വളരെ പഴകിയ രോഗങ്ങൾ സുഖപ്പെടുന്നതിന് അനുഭവസിദ്ധമായതാണ്. പല്ലുവേദനയ്ക്കും തലവേദനയ്ക്കും, വയറുവേദനയ്ക്കും ഏഴു പ്രാവശ്യം ഓതിയിട്ട് ഊതുന്നതും അനുഭവ സിദ്ധമായതാണ്. ഖുർആനിന്റെ മഹത്വങ്ങൾ. പേ. 90. യാസീനിനെക്കുറിച്ച് അല്ലാഹു പറയുന്നു. 'വിശപ്പടക്കാൻ, വഴി കാണാൻ, പോയ മൃഗത്തെ കിട്ടാൻ, ഭക്ഷണത്തിന്, സക്റാത്ത് എളുപ്പമാകാൻ, പ്രസവ പ്രയാസം ഇല്ലാതാക്കാൻ, ഭയം നീങ്ങാൻ' (അ.പു. പേ. 92)

'മശാഇഖുകളുടെ അഅ്ലാമുജർബീനിൽ, (അനുഭവസിദ്ധമായ ചികിൽസകളിൽ) താഴെപറയും പ്രകാരം എഴുതിയിരിക്കുന്നു. സൂറത്തുൽ ഫാത്വിഹ ഇസ്മുൽ അഅ്ളം ആണ്. എല്ലാ ഉദ്ദേശ്യസാധ്യതകൾക്കുവേണ്ടിയും അത് ഓതേണ്ടതാണ്. അതിന് രണ്ട് രീതികളാണുള്ളത്. ഒന്നാമത്തേത് ബിസ്മില്ലാഹിർറഹ്മാനിർറഹീമി എന്നതിലെ മീമിനോടുകൂടി അൽഹംദുലില്ലാഹി എന്നതിലെ ലാമിനെ കൂട്ടിച്ചേർത്ത് 41 പ്രാവശ്യം 40 ദിവസം വരെ സുബ്ഹിയുടെ സുന്നത്തിന്റെയും ഫർളിന്റെയും ഇടയിൽ ഓതുക ഏത് ഉദ്ദേശ്യമാണെങ്കിലും ഇൻശാ അല്ലാഹ്-അത് കരഗതകമാകുന്നതാണ്. ഇനി ഏതെങ്കിലും രോഗികൾക്കോ, ക്ഷുദ്രം ചെയ്യപ്പെട്ടവർക്കോ, ആവശ്യമായി വരികയാണെങ്കിൽ ഊതിയിട്ട് അയാൾക്ക് കുടിപ്പിക്കണം' (അ. പു. പേ 89,90) എവിടെ നിന്ന് കിട്ടി ഈ രീതികളൊക്കെ?

ഇവരും ബറേൽവികളും ഖുറാഫാത്തിൽ മൽസരിക്കുകയാണ്. തബ്ലീഗുകാർ പുതിയ പീടിക തുടങ്ങി, പുതിയ കച്ചവടവും തുടങ്ങി. എന്നേ പറയാൻ കഴിയുകയുള്ളൂ. മുസ്ലിംകൾക്ക് റസൂൽ (സ്വ) പഠിപ്പിക്കണം. തബ്ലീഗുകാർ അവരുടെ പ്രശ്നങ്ങളിൽ മേൽപ്പറഞ്ഞത് തന്നെയാണോ പ്രയോഗത്തിൽ വരുത്തുന്നത്? വഴിവിട്ട ഭക്തി.